(എ) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ചാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

(ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ വായുമാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതി റിപ്പോർട്ട് പ്രകാരം അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ എന്നീ കേന്ദ്രങ്ങൾ മുൻഗണനാ പ്രദേശങ്ങളായി പരിഗണിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിവരികയാണ്. ഇവയിൽ കൊല്ലത്ത് അഷ്ടമുടി, ആലപ്പുഴയിൽ പുന്നമട എന്നീ ജലാശയങ്ങളിൽ ആവശ്യമായ വാട്ടർഡ്രോം ഒരുക്കിയിട്ടുണ്ട്. ഇവയും മറ്റ് വിമാനത്താവളങ്ങളുമായി ബന്ധിപ്പിച്ച് ജലവിമാന സർവ്വീസ് നടത്താവുന്നതാണ്. ഇവ കൂടാതെ അതാത് പ്രദേശങ്ങളിൽ ഹ്രസ്വദൂര വിനോദ യാത്ര (ജോയ് റൈഡ്) നടത്താവുന്നതാണ്.

(ഡി) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. തുടർന്നുള്ള കൊമേഴ്സ്യൽ സർവ്വീസ് നടത്തുന്നതിനായി ഓപ്പറേറ്റർമാർ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇവരുടെ ജലവിമാനങ്ങൾ ജനുവരി ആദ്യവാരത്തോടെ സംസ്ഥാനത്ത് പ്രവർത്തനസജ്ജമായി എത്തും എന്നാണ് പ്രതീക്ഷിക്കുന്നത്.

അണക്കെട്ടുകളുടെ സുരക്ഷ

14 (*224) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന കാലാകാലങ്ങളിൽ നടത്താറുണ്ടോ ; ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിനായി നിയോഗിക്കുന്ന വിദഗ്ധ സമിതിയുടെ ഘടന എപ്രകാരമാണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സുരക്ഷാ പരിശോധനയിൽ നവീകരണമോ ഡീ-കമ്മീഷനിംഗോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും ലോകബാങ്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധനയും കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) കാലാകാലങ്ങളിൽ നടത്താറുണ്ട്. കേരള ഡാം സുരക്ഷാ അതോറിറ്റി (KDSA) 24-12-2014-ൽ പഴശ്ശി ഡാമിലും 21-11-2014-ൽ ചമ്രവട്ടം റഗുലേറ്ററിലും പരിശോധന നടത്തിയിരുന്നു. പഴശ്ശി ഡാമിൽ പ്രവർത്തന രഹിതമായ ഷട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും അടിയന്തര പ്രാധാന്യം നൽകി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) ഏറ്റവും ഒടുവിലായി 30-1-2014-ൽ കല്ലട ഡാമിലും ഡാം സേഫ്റ്റി ഓർഗനൈസേഷൻ 17-10-2014, 18-10-2014 എന്നീ തീയതികളിലായി കാഞ്ഞിരപ്പുഴ, ശിരുവാണി, മീൻകര, ചുള്ളിയാർ എന്നീ ഡാമുകളിലും പരിശോധന നടത്തിയിട്ടുണ്ട്.

കല്ലട ഡാമിൽ DSRP നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഷട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമുള്ള നിർദ്ദേശങ്ങൾ നൽകി. ഡാം സേഫ്റ്റി ഓർഗനൈസേഷൻ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പുഴ, ശിരുവാണി ഡാമുകളിലെ ശോചനീയമായ അവസ്ഥയും ശരിയായ മേൽനോട്ടത്തിന്റെ അഭാവവും ചൂണ്ടിക്കാട്ടുകയും പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മീൻകര ഡാമിൽ അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ ഏതൊക്കെയെന്ന് കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ചുള്ളിയാർ ഡാമിൽ അണക്കെട്ടിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിൽ വളർന്നു നിൽക്കുന്ന ആൽമരം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരള ഡാം സുരക്ഷാ അതോറിറ്റിയുടെ ഘടന സംബന്ധിച്ച വ്യവസ്ഥകൾ "The Kerala Irrigation and Water Conservation Act" -ലെ സെക്ഷൻ 58-ൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഘടന സംബന്ധിച്ച വ്യവസ്ഥകൾ അനുബന്ധം 1-ൽ* വിശദീകരിച്ചിട്ടുണ്ട്.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന വകുപ്പിന്റെ കീഴിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ (DRIP) ഭാഗമായി രൂപീകരിച്ച ഡാം സേഫ്റ്റി റിവ്യൂ പാനലും ഡാം സേഫ്റ്റി ഓർഗനൈസേഷനും ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധന നടത്തുന്നതിനായി നിലവിലുണ്ട്. സി.ഡബ്ല്യു.സി. മുൻ ചെയർമാൻ ശ്രീ. ആർ.സി. ത്ധാ ചെയർമാനായ ഡാം സേഫ്റ്റി റിവ്യൂ പാനലിൽ ശ്രീ. ബി. എം. ഉപാധ്യായ (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, ഡാം സേഫ്റ്റി, സി.ഡബ്ല്യു.സി.) ശ്രീ. ടി. പി. സിംഗ് (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, ഡിസൈൻസ് സി.ഡബ്ല്യു.സി.), ശ്രീ. എസ്. ആർ. ടോളി (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, സി.ഡബ്ല്യു.സി.), ഡോ. എ. കോമളവല്ലി അമ്മ (ചീഫ് എഞ്ചിനീയർ, റിട്ടയേർഡ്), ശ്രീ. രാജഗോപാലൻ (റിട്ടയേർഡ് ഡയറക്ടർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ), ശ്രീ. എം. കെ. പരമേശ്വരൻ നായർ (മെമ്പർ റിട്ടയേർഡ്, സിവിൽ, കെ.എസ്.ഇ.ബി.) എന്നിവർ അംഗങ്ങളാണ്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ ചെയർമാനായ ഡാം സേഫ്റ്റി ഓർഗനൈസേഷനിൽ ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1), ചീഫ് എഞ്ചിനീയർ (പ്രോജക്ട്-2), ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഐ.ഡി.ആർ.ബി. ഡയറക്ടർ എന്നിവർ മെമ്പർമാരും ജോയിന്റ് ഡയറക്ടർ, ഡാം സേഫ്റ്റി (ഐ.ഡി.ആർ.ബി.) കൺവീനറുമാണ്.

(സി) കേരള ഡാം സുരക്ഷാ അതോറിറ്റിയും (KDSA) ഡാം സേഫ്റ്റി റിവ്യൂ പാനലും (DSRP) ഡാം സേഫ്റ്റി ഓർഗനൈസേഷനും (DSO) നടത്തിയിട്ടുള്ള സുരക്ഷാപരിശോധനകളിൽ ഡീ കമ്മീഷനിംഗ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടില്ല എന്നാൽ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെയും വൈദ്യുതി ബോർഡിന്റെയും നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/ റഗുലേറ്ററുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി (DRIP) നടപ്പിലാക്കിവരുന്നു. സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്കു വർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80 ശതമാനം ലോകബാങ്ക് വായ്പയും 20 ശതമാനം സംസ്ഥാന വിഹിതവുമാണ്.